# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 834** — **11.07.2016 ൽ മറുപടിക്ക്**

### ആലത്തൂർ എ.എസ്.എം.എം.എച്ച്.എസ്.എസ്.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.ഡി. പ്രസേനൻ | | പ്രൊഫ.സി. രവീന്ദ്രനാഥ്<br>ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | ആലത്തൂർ എ.എസ്.എം.എം.എച്ച്. എസ്.എസ്. ലെ മാനേജ്മെന്റ് അവകാശത്തർക്കം മൂലം സ്കൂൾ നടത്തിപ്പ് സ്തംഭനാവസ്ഥയിലായത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | നിരവധി അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താത്തതിനാൽ പഠനത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികളെ പഠിപ്പിക്കാൻ കരാർ വ്യവസ്ഥയിൽ അദ്ധ്യാപകരേയോ പ്രൊട്ടക്ടഡ് അദ്ധ്യാപകരേയോ നിയമിക്കാൻ സന്നദ്ധമാകുമോ; | (ബി) | സ.ഉ. (പി) നം. 29/16/പൊ.വി.വ തീയതി 29.01.2016 III (2) (എ), (ബി), (സി) പ്രകാരം എയ്ഡഡ് സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റിൽ നിന്നും അദ്ധ്യാപകരെ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം നിയമനം നടത്താനാവുമോ യെന്ന് പരിശോധിക്കുന്നതാണ്. |
| (സി) | സ്കൂളിന്റെ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം കുട്ടികൾ നേരിടുന്ന അപകട ഭീഷണി എങ്ങനെ നേരിടുമെന്ന് വ്യക്തമാക്കുമോ; | (സി) | സ്കൂളിന്റെ അറ്റകുറ്റ പണികൾ സ്കൂൾ വർഷാരംഭത്തിനു മുമ്പു തന്നെ പൂർത്തീകരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | മാനേജ്മെന്റ് ശ്രദ്ധിക്കാത്ത ഒരു സ്കൂൾ സർക്കാർ ഏറ്റെടുക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

Hema.V

സെക്ഷൻ ഓഫീസർ